# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/48/2017 **പത്രക്കുറിപ്പ്** 2017 മാർച്ച് 4

**പ്രാക്ടിക്കൽപരീക്ഷാ**

2016 സെപ്തംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 20, 21 തീയതികളിൽ യഥാക്രമം എം.ജി യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്ക്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ. എഡ്യൂക്കേഷൻ (സി.എസ്.എസ്) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം. (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമണിലെ സന്ധ്യ. യു, മേരി ട്രേസി കരൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളും, എറണാകുളം മഹാരാജാസ് കോളേജിലെ ഇന്ദുലേഖ. കെ മൂന്നാം സ്ഥാനവും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 18 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്- റഗുലർ/ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. മൂവാറ്റുപുഴ നിർമ്മല കോളേജിലെ സിബി മോഹനൻ, പാല സെന്റ് തോമസ് കോളേജിലെ ആരതി വി. നായർ, ആലുവ യു.സി. കോളേജിലെ സൂര്യ. കെ.ബി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 18 വരെ സ്വീകരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**